**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **15-10-2024 - ൽ മറുപടിയ്ക്ക്**

**ഹാൻവീവ്-ഹാൻടെക്സ് പുനസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹാൻവീവ് - ഹാൻടെക്സ് എന്നിവ പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കാൻ എന്തൊക്കെ പുതിയ സംരംഭങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ? | (എ) | ഹാൻവീവിന്റെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന കാര്യങ്ങൾ ചെയ്തു വരുന്നു.<br><br>മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി proud – e എന്ന പേരിൽ ഗിഫ്റ്റ് ബോക്സ് വിപണിയിൽ ഇറക്കിയിരുന്നു. ഉപഭോക്താക്കളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഉത്പന്നങ്ങൾക്ക് ആകർഷകമായ പാക്കിംഗ് സംവിധാനം നടപ്പിലാക്കി. കൂടാതെ റെഡിമെയ്ഡ് ഷർട്ടുകളും, കുഞ്ഞുടുപ്പുകളും, ഷർട്ടിംഗ്/സ്യൂട്ടിംഗ് എന്നിവ ഉൾപ്പെടുത്തി പുതിയ കോംബോ പായ്ക്കും ചുരിദാറും നിർമ്മിച്ച് വിപണനം ആരംഭിച്ചു. വില്പന വർദ്ധിപ്പിക്കുന്നതിനായി സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള വിപണന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. പുതിയ വിപണന തന്ത്രത്തിന്റെ ഭാഗമായി സാമൂഹിക മാധ്യമങ്ങൾ മുഖേന പരസ്യം നൽകി വില്പന വർദ്ധിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കീഴിലുള്ള ഷോറൂമുകൾ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളുമായി കൈകോർത്ത് ഉൽപ്പന്നങ്ങൾ പരസ്പരം കൈമാറി വിപണനം ചെയ്യുന്നതിനുള്ള നടപടികൾ ഹാൻവീവ് കൈക്കൊണ്ടിട്ടുണ്ട്. ഹാൻവീവിന്റെ ഉൽപന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിനായി കോർപ്പറേഷന്റെ വെബ് സൈറ്റായ www.hanveev.com ലൂടെ കൈത്തറി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനമായ കെ- ഷോപ്പിയിലൂടെ ഹാൻവീവ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഓൺലൈനായി ഓർഡർ ചെയ്യുന്നതിനുള്ള സംവിധാനവും ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഹാൻ്റക്സിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന് കേരളത്തിലുടനീളമുള്ള 72 ഷോറൂമുകൾക്കു പുറമേ പ്രളയം കോവിഡ് എന്നിവയെ തുടർന്ന് അടച്ചു പൂട്ടിയ കോഴഞ്ചേരിയിലുള്ള വിൽപ്പനശാല നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് e-commerce platform വഴിയും സംസ്ഥാന സർക്കാരിന്റെ k-shoppe വഴിയും ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിലെ ഉത്പന്നങ്ങൾക്ക് പുറമേ കൈത്തറി ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളായ ലിനൻ മുണ്ട്, കമാൻഡോ ഷർട്ടുകൾ, ലേഡീസ് കുർത്തികൾ, കുട്ടികൾക്കായുള്ള വസ്ത്രങ്ങൾ തുടങ്ങിയവയും വിപണിയിൽ ഇറക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ